# വാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ്–5 കേരളപാഠാവലി സമയം –2 മണിക്കൂർ

### നിർദേശങ്ങൾ

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കേണ്ടതാണ്.
- ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം.

**പ്രവർത്തനം 1 : കഥാപാത്രനിരൂപണം**

അച്ഛൻ എന്നെയെടുത്ത് മടിയിൽ വച്ച് എന്റെ മുഖത്ത് ഉമ്മ വച്ചു. എന്നിട്ടു നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കിക്കൊണ്ടു പറഞ്ഞു. "ഞാൻ സത്യം ചെയ്യാം. മോൾടെ മുത്തശ്ശി ഒരിക്കലും മരിക്കില്യാ". മാധവിക്കുട്ടിയുടെ 'വേനലിന്റെ ഒഴിവ്' എന്ന കഥ ഓർമയില്ലേ. കഥ വായിച്ചപ്പോൾ നിങ്ങൾക്കും അങ്ങനെ തോന്നിയില്ലേ. മുത്തശ്ശിയുടെ സ്വഭാവ സവിശേഷതകൾ, വേഷം, മറ്റു പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്തി മുത്തശ്ശിയെന്ന കഥാപാത്രത്തെക്കുറിച്ച് **നിരൂപണം തയാറാക്കുക.**

**പ്രവർത്തനം 2 : അനുഭവക്കുറിപ്പ്**

'മയിൽപ്പീലിസ്പർശം' എന്ന കഥയിൽ സ്നേഹത്തെക്കുറിച്ചാണു പറയുന്നത്; മറ്റുള്ളവരിൽ നിറഞ്ഞു തുളുമ്പുന്ന നന്മയെക്കുറിച്ചും. നിങ്ങളുടെ ജീവിതത്തിലും ഇത്തരം അനുഭവങ്ങൾ ഉണ്ടാകുമല്ലോ? നിങ്ങളെ വളരെയധികം സന്തോഷിപ്പിച്ചതും ഓർമയിൽ മായാതെ നിൽക്കുന്നതുമായ **ഒരനുഭവം എഴുതുക.**

**പ്രവർത്തനം 3 : പഴഞ്ചൊൽ വ്യാഖ്യാനം**

'ഉപ്പുതിന്നവൻ വെള്ളം കുടിക്കും' എന്ന പഴഞ്ചൊല്ല് കേട്ടിട്ടുണ്ടാകുമല്ലോ? തെറ്റായ പ്രവൃത്തികൾ ചെയ്തവർ അതിന്റെ ഫലം അനുഭവിക്കുമെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ വായിച്ചുനോക്കൂ. അവയുടെ അർത്ഥം എന്താണെന്ന് മനസ്സിലായിക്കാണുമല്ലോ. ഏതെങ്കിലും രണ്ട് പഴഞ്ചൊല്ലുകളുടെ **അർത്ഥം ഉദാഹരണങ്ങളുടെ സഹായത്തോടെ എഴുതുക.**

- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- ഉടഞ്ഞ ശംഖിൽ നിന്ന് ഒച്ച വരുമോ?
- ഒക്കത്തിരിക്കുന്ന കുഞ്ഞിനെ ഊരെല്ലാം തിരയുക. (ഊര് – ലോകം)

## പ്രവർത്തനം 4 പ്രതികരണക്കുറിപ്പ്

മഹാരോഗങ്ങളെ മറികടക്കാൻ ഓരോരുത്തർക്കും ഓരോന്നായിരിക്കും പിൻബലം എന്നാണ് 'കാൻസർ വാർഡിലെ ചിരി' യിൽ ഇന്നസെന്റ് പറയുന്നത്. അദ്ദേഹത്തെ സംബന്ധിച്ച് അത് 'ചിരി' ആയിരുന്നു. രോഗത്തോടുള്ള അദ്ദേഹത്തിന്റെ ഈ സമീപനത്തെക്കുറിച്ച് നിങ്ങളുടെ **പ്രതികരണം ഒരു കുറിപ്പായി** എഴുതുക.

www.educationobserver.com/forum

## പ്രവർത്തനം 5 ആസ്വാദനക്കുറിപ്പ്

### കൊങ്ങിണിപ്പൂക്കൾ

ഒരു പൂച്ചെടിയേ നട്ടുള്ളൂ
ഓരോകൊമ്പും പൂത്തല്ലോ
രത്നക്കല്ലിൻ കമ്മലുപോൽ
മുറ്റത്തെങ്ങും പൂക്കാലം
പൂക്കളുണർന്നുചിരിച്ചപ്പോൾ
പൂമ്പാറ്റകളും വന്നല്ലോ
നാനാവർണച്ചിറകുകളോടെ
കാണാൻ കണ്ണിനുഹരമോടെ
ഒരു പൂച്ചെടിയേ നട്ടുള്ളൂ
ഓരോ കൊമ്പും പൂത്തല്ലോ.

പൂവില്ലാത്തൊരു നാളില്ല
പൂമ്പാറ്റകളും കുറവല്ല
അഴകിൻവരികൾ കാണുമ്പോൾ
ആനന്ദത്തിൻ പൊടിപൂരം
മാവേലിക്കും മാളോർക്കും
ആനന്ദത്തിൻ പൊന്നോണം
ഒരു പൂച്ചെടിയേ നട്ടുള്ളൂ
മുറ്റത്തെന്നും പൂക്കാലം

(ഡി. വിനയചന്ദ്രൻ)

ഒരു പൂച്ചെടി നടുമ്പോൾ ഒരു വസന്തം വിരുന്നുവരുന്നതു പോലെയാണ് കവി കാണുന്നത്. ഇതുപോലുള്ള ധാരാളം സവിശേഷതകൾ കവിതയിൽ കണ്ടല്ലോ. അവകൂടി ചേർത്തുകൊണ്ട് 'കൊങ്ങിണിപ്പൂക്കൾ' എന്ന കവിതയ്ക്ക് **ആസ്വാദനക്കുറിപ്പു** തയാറാക്കുക.

## പ്രവർത്തനം 6 വിവരണം

"എനിക്ക് വ്യക്തമായി കേൾക്കാം. സുഖം തന്നെ. ഭൂമിയിലെ നദികളും കാടുകളും മേഘങ്ങളുമൊക്കെ വ്യക്തമായി കാണാം. അതിമനോഹരമായ കാഴ്ച".

ബഹിരാകാശത്തേക്കു കുതിക്കുന്ന പേടകത്തിൽ നിന്ന് സഞ്ചാരിയായ യൂറിഗഗാറിൻ ഭൂമിയിലേക്കയച്ച സന്ദേശമാണ് നമ്മൾ വായിച്ചത്. കാഴ്ചയുടെ മനോഹാരിത യൂറിഗഗാറിനെപ്പോലെ നമ്മളും ആസ്വദിക്കാറുണ്ട്. സ്കൂളിലേക്കു പോകുമ്പോൾ കാണുന്ന എന്തെല്ലാം കാഴ്ചകളാണ് നമ്മളെ ആകർഷിക്കുന്നത്? അത്തരം കാഴ്ചകൾ ഉൾപ്പെടുത്തി ഒരു **വിവരണം തയാറാക്കുക.**

*******